കടലാക്രമണ പ്രദേശങ്ങളിൽ പുലിമുട്ട് സ്ഥാപിക്കുന്നതിന് നടപടി

61 [240] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭംമൂലം കൂടെക്കൂടെ വമ്പിച്ച കെടുതികൾ ഉണ്ടാകുന്ന പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങൾ ആണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പ്രദേശങ്ങളിൽ അടിയന്തിരമായി പുലിമുട്ട് സ്ഥാപിക്കാൻ നടപടി ഉണ്ടാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്ന സ്ഥലങ്ങൾ താഴെപ്പറയുന്നവയാണ്.

തിരുവനന്തപുരം ജില്ല—കൊല്ലങ്കോട്, വിഴിഞ്ഞം, പനത്തുറക്കര, പുന്തുറ, വെളി, താഴംപള്ളി, വർക്കല, ബീമാപ്പള്ളി, വലിയതുറ, പൂത്തൻതോപ്പ്, പുതുക്കുറിച്ചി, വെട്ടുതുറ, മുതലപ്പൊഴി, അഞ്ചുതെങ്ങ്, കാപ്പിൽ.

കൊല്ലം ജില്ല— ഇരവിപുരം, പരവൂർ മുതൽ താന്നി, മുണ്ടയ്ക്കൽ, കാക്കത്തോപ്പ് വരെയുള്ള തീരം, താന്നി, കുളത്തിൽപാടം, സെന്റ് ആന്റണീസ് ചർച്ച്, ചിലയ്ക്കൽ, പൊഴിക്കര, ആലപ്പാട്, ചെറിയഴീക്കൽ, ജയന്തി കോളനി, ശക്തികുളങ്ങര, വെള്ളനാത്തുരുത്ത്.

ആലപ്പുഴ ജില്ല – ആലപ്പാട്, ജയന്തി കോളനി, അഴീക്കൽ, പഞ്ചാരത്തോപ്പ്, അന്ധകാരനാഴി, ചെറിയഴീക്കൽ, തോട്ടപ്പള്ളി, നീർക്കുന്നം, ആനന്ദേശ്വരം, പുന്നപ്ര, വാടയ്ക്കൽ, വിജയപാർക്ക്, തുമ്പോളി, കാട്ടൂർ.

എറണാകുളം ജില്ല—എടവനക്കാട്, അണിയിൽ, നായരമ്പലം, പുത്തൻകടപ്പുറം, എളങ്കുന്നപ്പുഴ, ചാപ്പ കടപ്പുറം, പള്ളിപ്പുറം, കണ്ടേക്കാട്, ചാളത്തോട്, കണ്ണമാലി, ഫോർട്ട്കൊച്ചി ബീച്ച്.

തൃശ്ശൂർ ജില്ല- വാടാനപ്പള്ളി, എങ്ങാണ്ടിയൂർ, മുനക്കടവ്, അഞ്ചങ്ങാടി, ലൈറ്റ് ഹൗസ്, ആറാട്ടുകടവ്, ഇറപ്പക്കടവ്, കാര വെളോട്, പൊക്കാളെ, എറിയാട്, കണിക്കടവ്, കുളിമുട്ടം.

കോഴിക്കോട് ജില്ല മടപ്പള്ളി, അഴിയൂർ, മാടക്കര, കുരിയാടി, പാറോട്, കൊളാവിപ്പാലം, പുറംകര, ഇരിക്കൂർ, അയനിക്കാട്, പുതിയങ്ങാടി, കല്ലായി, ഞെളിയൻപറമ്പ്, ചാലിയം, കടലുണ്ടി.

LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം ജില്ല—പൊന്നാനി, പുതുപൊന്നാനി കടപ്പുറം, വെളിയംകോട്, പനത്തങ്ങാടി, ആലുങ്കൽ തൈകടപ്പുറം, അരിയന്നൂർ, കടലുണ്ടി നഗരം, താനൂർ, പണ്ടാര കടപ്പുറം, ദീരാൻ കടപ്പുറം, തേവര, ചൂടായി, പടിഞ്ഞാറേക്കര.

കണ്ണൂർ ജില്ല—പാലക്കോട്, വലിയ കടപ്പുറം, ചൂരാട്, പുതിയങ്ങാടി, മുഴുപ്പിലങ്ങാട്, മാട്ടൂർ, ബാലുശ്ശേരി, ന്യൂമാഹി, കൊടുവള്ളി, പൊടിപ്പാലം, തലായി.

(സി) ആവശ്യമായ സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി പുലിമുട്ട് സ്ഥാപിക്കുന്നകാര്യം പരിഗണിക്കാവുന്നതാണ്.

കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ വേളി പൊഴിയുടെ ഭാഗത്ത് കല്ലുടുക്കുന്നതിനുള്ള പദ്ധതി

62 [241] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ വേളി പൊഴിയുടെ ഭാഗത്ത് കല്ലുടുക്കുന്നതിനുള്ള പദ്ധതി മേജർ ഇറിഗേഷൻ വകുപ്പിന്റെ പരിഗണനയിലുണ്ടോ; ഈ പദ്ധതിക്കായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്;

(ബി) ഈ കല്ലുടുക്കൽ ജോലി നടക്കാത്തതുമൂലം പ്രദേശവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പദ്ധതി അടിയന്തിരമായി നടപ്പാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) വേളി പൊഴിയുടെ വടക്കു വശത്ത് 500 മീറ്റർ നീളത്തിൽ കല്ലുടുക്കുന്നതിന് പദ്ധതി തയ്യാറാക്കി വരുന്നു. വേളി പൊഴിയുടെ ഭാഗത്ത് കല്ലുടുക്കുന്നതിന് പദ്ധതി ഇപ്പോൾ നിലവിലില്ല.

(ബി)& (സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തിക്ക് അനുമതി നൽകുന്നതാണ്.

ആറ്റുപുറം പഞ്ചായത്തിൽ കടൽഭിത്തി നിർമ്മാണം

63 [244] *ശ്രീ. എ. എൻ. രാജൻബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിനുശേഷം ആറ്റുപുറം പഞ്ചായത്തിൽ എത്ര കിലോ മീറ്റർ കടൽഭിത്തി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly